**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **08-05-2017 ലെ**
**ചോദ്യം നം. 2493** **മറുപടി**

## മങ്കട നിയോജകമണ്ഡലത്തിലെ ജലസംഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ നിലവിൽ ജലവിഭവവകുപ്പുമായും കേരളാ വാട്ടർ അതോറിറ്റിയുമായും ബന്ധപ്പെട്ട് നടക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | മങ്കട നിയോജകമണ്ഡലത്തിൽ **കേരള ജല അതോറിറ്റി**യുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു.<br>മങ്കട നിയോജകമണ്ഡലത്തിൽ മൂർക്കനാട് ഗ്രാമ പഞ്ചായത്തിലെ തവരക്കുന്ന് വെങ്ങാട് (4,21,000/- രൂപ), കുണ്ടുവായിൽ വെങ്ങാട് (4,18,000/- രൂപ), കുറുവ ഗ്രാമ പഞ്ചായത്തിലെ പെരുംമ്പള്ളിയാൽ (4,53,000/- രൂപ) എന്നീ സ്ഥലങ്ങളിൽ കുഴൽകിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു.<br>മങ്കട നിയോജകമണ്ഡലത്തിൽ നിലവിൽ ജലസേചന വകുപ്പ് മുഖേനയോ ജലനിധി മുഖേനയോ പദ്ധതികൾ ഒന്നുംതന്നെ നടക്കുന്നില്ല. |
| (ബി) | അതിരൂക്ഷമായ വേനലിനെ മറികടക്കുവാനും ജനങ്ങൾക്ക് ആവശ്യത്തിന് ജലം ലഭിക്കുന്നതിനുമായി തടയണകളും മറ്റും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | മങ്കട നിയോജകമണ്ഡലത്തിൽ കൂട്ടിലങ്ങാടി പഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിനു സമീപം കടലുണ്ടിപ്പുഴയ്ക്ക് കുറുകെ വിയറിന്റെ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡി.പി.ആർ പുതിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കൂട്ടിലങ്ങാടി പഞ്ചായത്തിലെ ഇരുമ്പുഴി വട്ടാണിക്കടവിൽ കടലുണ്ടിപ്പുഴക്ക് കുറുകെ വിയറിന്റെ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ച് ഡിസൈൻ അംഗീകാരത്തിനായി ഐ.ഡി.ആർ.ബിയിൽ സമർപ്പിച്ചിട്ടുണ്ട്. മൂർക്കനാട് പഞ്ചായത്തിൽ ഇുതപ്പുഴയ്ക്ക് കുറുകെ കിഴ്ക്കറിക്കടവ് മുത്തിക്കയത്ത് കിഫ്ബി ധനസഹായത്തോടെ ഒരു ആർ.സി.ബി പരിഗണനയിലാണ്. |
| (സി) | മുൻ (2016-17) സാമ്പത്തിക വർഷത്തിൽ മങ്കട നിയോജകമണ്ഡലത്തിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പദ്ധതി പുതിയതായി നടപ്പിലാക്കുന്നതിന് തുക വകയിരുത്തിയിരുന്നോ എന്ന് വ്യക്തമാക്കുമോ? | (സി) | ജലസേചന വകുപ്പ് 2016-17 വർഷത്തിൽ മങ്കട നിയോജക മണ്ഡലത്തിനായി തുക വകയിരുത്തിയിട്ടില്ല.<br>കേരള ജല അതോറിറ്റി അനുബന്ധമായി ചേർത്തിരിക്കുന്ന പ്രവൃത്തികൾ പുരോഗതിയിലാണ്. പുതിയതായി പ്രവൃത്തികൾ ഒന്നുംതന്നെ നടപ്പാക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം.

| | | | |
|---|---|---|---|
| 1. | മക്കരപറമ്പ പഞ്ചായത്തിലെ ചെട്ടിയാരങ്ങാടി പദ്ധതി | 5 ലക്ഷം | പ്രവൃത്തി നടന്നു വരുന്നു. |
| 2 | പുഴക്കാട്ടിരി പഞ്ചായത്തിലെ ചെട്ടിയാരങ്ങാടി പദ്ധതി | 30 ലക്ഷം | പ്രവൃത്തി നടന്നു വരുന്നു. |
| 3 | പുഴക്കാട്ടിരി പഞ്ചായത്തിലെ കട്ടല്ലൂർ മന പദ്ധതി | 12 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | കുറുവ പഞ്ചായത്തിലെ കുന്നംപുറം പദ്ധതി | 17 ലക്ഷം | ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. |
| 5 | പുഴക്കാട്ടിരി പഞ്ചായത്തിലെ മഞ്ഞളാംകുഴി പദ്ധതി | 22.20 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | കുറുവ പഞ്ചായത്തിലെ ചെറുപള്ളിയാൽ പദ്ധതി | 20.40 ലക്ഷം | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 7 | കുറുവ പഞ്ചായത്തിലെ പരിന്നംപറമ്പ്- മണ്ണാത്തിക്കുഴി പദ്ധതി | 20 ലക്ഷം | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 8 | MPLADS- മക്കരപറമ്പ പഞ്ചായത്തിലെ ചെട്ടിയാരങ്ങാടി പദ്ധതി | 5 ലക്ഷം | പ്രവൃത്തി നടന്നു വരുന്നു. |
| 9 | മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖലയുടെ പ്രവൃത്തി നടപ്പിലാക്കുന്നുണ്ട്. മങ്കട, കട്ടിലങ്ങാടി വില്ലേജുകളാണ് വിതരണ ശൃംഖലയുടെ പ്രവൃത്തി നടപ്പിലാക്കുന്നത്. | 600 ലക്ഷം | പ്രവൃത്തി നടന്നു വരുന്നു. |
| 10 | കുട്ടിലങ്ങാടി വില്ലേജിൽ SLSSC-2014 ഉൾപ്പെടുത്തി വിതരണ ശൃംഖലയുടെ പ്രവൃത്തി നടപ്പിലാക്കുന്നുണ്ട്. | 600 ലക്ഷം | പ്രവൃത്തി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ